# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4014** **18.10.2011- ൽ മറുപടിനൽകേണ്ടത്.**

## പൊതു നിരത്തുകളിലെ ആരാധനാലയങ്ങൾ പൊളിച്ചു നീക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.കെ.അജിത്<br>ശ്രീ.പി.തിലോത്തമൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂ വകുപ്പുമന്ത്രി |
| (എ) പൊതു നിരത്തുകളിലെ ആരാധനാലയങ്ങൾ പൊളിച്ചുനീക്കണമെന്ന് സുപ്രീം കോടതിയുടെ നിർദ്ദേശമുണ്ടായിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത നിർദ്ദേശം നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വിശദമാക്കുമോ? | (ബി) സുപ്രീംകോടതിയുടെ ലീവ് ടു അപ്പീൽ (സിവിൽ) 8519/06-ാം നമ്പർ ഉത്തരവ് നടപ്പാക്കുവാൻ 26.08.2010-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 2657/10/ഹോം പ്രകാരം അനധികൃത നിർമ്മാണത്തിനും കയ്യേറ്റത്തിനുമെതിരെ ഒരു പോളിസി രൂപീകരിച്ച് ഉത്തവായിട്ടുണ്ട്. ടി ഉത്തരവുപ്രകാരം 15 വർഷത്തിലേറെ പഴക്ക മുള്ള ആരാധാലയങ്ങളുടെ പേരിലുള്ള അനധികൃത നിർമ്മാണങ്ങളെ നിയമനടപടി ____കളും തർക്കങ്ങളും ഇല്ലെങ്കിൽ നില നിർത്താനും അനധികൃത നിർമ്മാണങ്ങൾ 15 വർഷത്തിനുതാഴെ പഴക്കമുള്ളതും എന്നാൽ 2 വർഷത്തിനു മേലാണെങ്കിൽ യാതൊരുവിധ തടസ്സങ്ങളോ, നിയമനടപടികളോ, തർക്ക ങ്ങളോ ഇല്ലായെങ്കിൽ നിലനിറുത്തുവാനും തർക്കങ്ങളും തടസ്സങ്ങളും ഉള്ളവയാണെങ്കിൽ മാറ്റി സ്ഥാപിക്കുകയോ പൊളിച്ചുമാറ്റുകയോ ചെയ്യേണ്ടതാണെന്നും രണ്ട് വർഷത്തിൽ താഴെ പഴക്കമുള്ളവയെ മുൻകൂർ നോട്ടീസ് നൽകി മാറ്റേണ്ടതാണെന്നും ആയതിൽ തന്നെ യാതൊരുവിധത്തിലുള്ള പരാതികളോ തടസ്സങ്ങളോ ഇല്ലെങ്കിൽ ആയവയേയും നിലനിറുത്തുവാൻ പരിഗണന നൽകേണ്ടതാണ്. വെള്ളം, വെളിച്ചം എന്നിവ നൽകാൻ പാടില്ലായെന്നും ഉത്തരവായിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ